പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 348 06.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി പ്രതിസന്ധിയുടെ കാരണം.

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതിക്ഷാമം നിലവിലുണ്ടോ ; ഇതിന്റെ കാരണം വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതിനാലും, ഇന്ധനവില ഗണ്യമായി കൂടിയതിനാലും, പവർമാർക്കറ്റിലെ വൈദ്യുതിയുടെ ലഭ്യതയിലെ കുറവു കാരണവും, ദക്ഷിണഗ്രിഡിലെ പ്രസരണ ലൈനുകളിലെ അധിക ലോഡിംഗ് മൂലവും സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ ലോഡ് ഷെഡിംഗും പവർകട്ടും ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഇല്ല. വൈദ്യുതി ലഭ്യതയിൽ ഗണ്യമായ കുറവു വന്ന അപൂർവ്വം ചില ദിവസങ്ങളിൽ കുറച്ചു സമയം മാത്രം നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. |
| (സി) | എങ്കിൽ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (സി) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാനും, കായംകുളം താപനിലയത്തിൽ നിന്ന് ആവശ്യത്തിനനുസരിച്ച് വൈദ്യുതി ലഭ്യമാക്കാനും പവർ എക്സ്ചേഞ്ചിൽ നിന്നും മറ്റു ട്രേഡർമാരിൽ നിന്നും ഉചിതമായ സമയങ്ങളിലെല്ലാം വൈദ്യുതി വാങ്ങാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.